**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2752 :** **12.10.2011 ൽ മറുപടിയ്ക്ക്**

## ഐ.ടി.ഐ. കളിലെ കുട്ടികൾക്ക് സാങ്കേതിക മികവ്

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ഐ.ടി.ഐ. കളിൽ കാലഹരണപ്പെട്ട പഠന അദ്ധ്യായങ്ങൾ മാറ്റുവാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; | (എ) ഐ.ടി.ഐ. യിലെ പഠന അദ്ധ്യായങ്ങൾ ദേശീയ തലത്തിൽ ആണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. പഠന നിലവാരം ഉയർത്തുന്നതിനായി ഐ.ടി.ഐ. കളിലെ പഠന വിഷയങ്ങളുടെ സിലബസ് കാലാകാലങ്ങളിൽ എൻ.സി.വി.റ്റി പരിഷ്ക്കരിക്കുന്നുണ്ട്. പരിഷ്ക്കരണ സമയത്ത് എല്ലാ സംസ്ഥാനങ്ങളുടേയും അഭിപ്രായം ആരായുകയും അതിന്റെ അടിസ്ഥാനത്തിൽ സിലബസ് രൂപീകരിച്ച് ദേശീയ തലത്തിൽ നടപ്പിലാക്കുകയുമാണ് ചെയ്ത് വരുന്നത്. കാലഹരണപ്പെട്ട ട്രേഡുകളുടെ പോരായ്മകളെപ്പറ്റിയുള്ള വിവരം അതാത് സമയങ്ങളിൽ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിനെ അറിയിക്കുന്നുണ്ട്. |
| (ബി) ഐ.ടി.ഐ. കളിൽ കാലം മാറിയതനുസരിച്ച് പുത്തൻ വ്യവസായങ്ങൾക്കും, ലോകക്ഷേമത്തിനും വേണ്ടുന്ന സാങ്കേതിക മികവ് കുട്ടികൾക്ക് സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ